**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4980** **14-03-2023 - ൽ മറുപടിയ്ക്ക്**

**മുനമ്പം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ മുനമ്പം പാലം നിർമ്മാണത്തിന് 2023-24 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിലെ മുനമ്പം പാലം നിർമ്മാണത്തിന് 2023-24 വർഷത്തെ ബജറ്റിൽ 2 കോടി രൂപ (20% പ്രൊവിഷൻ) വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചതാണ്, എന്നാൽ ഡിസൈൻ ഫൈനലൈസ് ചെയ്തിട്ടില്ല.<br><br>നിലവിലെ അലൈൻമെന്റ് പ്രകാരം പാലം കൂടുതൽ ഉയരത്തിൽ നിർമ്മിക്കേണ്ടി വരുന്നതിനാലും, പാലത്തിനു സമീപം അനുബന്ധ റോഡ് കൂടുതൽ വീതിയിൽ നിർമ്മിക്കേണ്ടതിനാലും കൂടുതൽ ചെലവ് വരുന്നതിനാൽ പുതിയ അലൈൻമെന്റ് ഡിസൈൻ വിഭാഗം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ അലൈൻമെന്റ് പ്രകാരം പാലം നിർമ്മിക്കുന്നതിന് സ്ഥല ലഭ്യത ഉറപ്പ് വരുത്തേണ്ടതും വീണ്ടും ഇൻവെസ്റ്റിഗേഷൻ ചെയ്യേണ്ടതായും ഉണ്ട്. |
| (സി) | ബജറ്റിൽ തുക വകയിരുത്തിയ സ്ഥിതിയിൽ ഈ പ്രവൃത്തിയുടെ ഡിസൈൻ എന്ന് ലഭ്യമാക്കി തരാനാവും എന്ന് അറിയിക്കാമോ? | (സി) | ഡിസൈൻ വിഭാഗത്തിന്റെ നിർദ്ദേശം പരിഗണിച്ച് പുതിയ അലൈൻമെന്റിന്റെ ഫീസിബിലിറ്റി ഉറപ്പ് വരുത്തിയ ശേഷം പെട്ടെന്ന് തന്നെ ഡിസൈൻ പൂർത്തീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ